(ബി) അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന ഓരോ പഞ്ചായത്തുകളിലും നടപ്പാക്കുന്ന എല്ലാ പദ്ധതികളുടേയും നിർവ്വഹണ സാങ്കേതിക ചുമതല അതാത് സംഘടനകൾക്കാണ്. ഉപഭോക്തൃ സമിതികളെ സംഘടിപ്പിക്കാൻ സഹായിക്കുക, സമിതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കുക, ഉപഭോക്തൃ വിഹിതം സ്വരൂപിക്കാൻ സഹായിക്കുക, സ്ത്രീ ശാക്തീകരണം, ശുചിത്വപരിപാലനം, ഭൂഗർഭജലപോഷണം എന്നീ കാര്യങ്ങളിലും ഉപഭോക്തൃ സംഘങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് സന്നദ്ധ സംഘടനകളുടെ പ്രധാന പ്രവൃത്തികൾ. കൂടാതെ പദ്ധതി നടത്തിക്കൊണ്ടുപോകാനുള്ള ചെലവിന്റെ പ്ലാൻ തയ്യാറാക്കുന്നതും സന്നദ്ധ സംഘടനകളുടെ പ്രവർത്തിയിൽപ്പെടും.

(സി) ഓരോ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്ന തുക വിവരവും ഉത്തരം 'എ'-യിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പല പഞ്ചായത്തുകളിലും ആസൂത്രണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന തുകയ്ക്ക് അന്തിമമായി മാറ്റം വരാവുന്നതാണ്.

## ശുദ്ധജലം കുപ്പികളിലായി വിപണിയിൽ ഇറക്കുന്ന പദ്ധതി

111 [5376] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലം കുപ്പിയിലാക്കി വിപണിയിൽ ഇറക്കുന്ന പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഈ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) "അക്വാ കൈരളി" എന്ന് കേരള വാട്ടർ അതോറിറ്റി വിപണിയിലിറക്കുന്ന കുപ്പിവെള്ളത്തിന് പേര് നിർദ്ദേശിച്ചിട്ടുണ്ടോ; എത്ര രൂപയാണ് വെള്ളത്തിന്റെ വിലയായി നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതി കേരള വാട്ടർ അതോറിറ്റി (കെ. ഡബ്ല്യു. എ.) നേരിട്ട് നടത്തുന്നതിനാണോ അതോ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്നതിനാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ടെണ്ടർ നൽകിയിട്ടുള്ളതെന്നും ഇതിൻപ്രകാരം ആർക്കാണ് ടെണ്ടർ ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതികളുടെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയാണ്;

(എഫ്) ആയത് സംബന്ധിച്ച് അതോറിറ്റി ഇറക്കിയിട്ടുള്ള ഉത്തരവുകളുടേയും പരസ്യങ്ങളുടേയും (ടെണ്ടർ) കോപ്പികൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) നിർദ്ദേശമുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാന മായിട്ടില്ല. തീരുമാനമെടുത്തിട്ടില്ല.

(സി) തീരുമാനം എടുത്തിട്ടില്ല.

(ഡി) കേരള വാട്ടർ അതോറിറ്റി ടെണ്ടർ ചെയ്തിരുന്നു. സ്ഥാപനങ്ങ ളൊന്നും ടെണ്ടർ നൽകിയിട്ടില്ല. ടെണ്ടർ സംബന്ധിച്ച് തീരുമാനമായിട്ടില്ല. സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല.

(ഇ) കണക്കാക്കിയിട്ടില്ല.

(എഫ്) അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ പ്രസക്തമാണെന്ന് തോന്നുന്നില്ല.

ബാലുശ്ശേരി ശുദ്ധജല വിതരണ പദ്ധതി

112 [5377] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ശുദ്ധജലവിതരണ പദ്ധതി പ്രകാരം ആകെ എത്ര പൊതുടാപ്പുകളിലൂടെ ഇപ്പോൾ വെള്ളം വിതരണം ചെയ്തുവരുന്നുണ്ട്;

(ബി) പുതിയ എത്ര പൊതുടാപ്പുകൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) ഈ ടാപ്പുകളിലൂടെ ആവശ്യമായ ശുദ്ധജലം പലപ്പോഴും ലഭിക്കുന്നില്ല എന്ന പരാതി കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി ശുദ്ധജലവിതരണ പദ്ധതി 31-1-2003-ൽ പഞ്ചായത്തിന് കൈമാറി കഴിഞ്ഞു. പ്രസ്തുത പദ്ധതി പഞ്ചായത്തിനു കൈമാറുന്നതിനു മുമ്പായി 84 പൊതുടാപ്പുകളിൽ കൂടി ജലവിതരണം നടത്തിവന്നിരുന്നു.

(ബി, സി) പദ്ധതിയുടെ ചുമതല ഇപ്പോൾ പഞ്ചായത്താണ് നിർവ്വഹി ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly